- വനഭൂമി കൈവശമുള്ളവർക്ക് വനാവകാശ നിയമ പ്രകാരമുള്ള കൈവശ രേഖ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
- കടങ്ങൾ എഴുതിത്തള്ളുന്നതിന് ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ശേഖരിക്കുകയും പദ്ധതി നടപ്പാക്കൽ അന്തിമഘട്ടത്തിലുമാണ്.
- പ്ലസ് വൺ ക്ലാസ് പ്രവേശനത്തിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മൂന്ന് താലൂക്കുകളിലും സ്പെഷ്യൽ ക്യാമ്പുകൾ നടത്തി +1 അഡ്മിഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) എല്ലാ ആവശ്യങ്ങളിൻമേലും നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ

259 (3417) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവകുപ്പുകളും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അഭിമുഖ്യത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിയുടെയും അടങ്കൽ തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ അറിയിക്കുമോ ;

(സി) വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. ചികിത്സാ ധനസഹായം
2. ഭക്ഷ്യസഹായ പദ്ധതി
3. ഭവന നിർമ്മാണം
4. വിവാഹ ധനസഹായം
5. അതിക്രമങ്ങൾക്കിരയാകുന്നവരുടെ പുനരധിവാസം
6. ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ
7. അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം
8. എസ്.സി.എ. ടു ടി.എസ്.പി.
9. പുര കെട്ടി മേയൽ
10. കൈത്താങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

11. ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി

12. യുവതികൾക്ക് ഓട്ടോറിക്ഷ

13. ലാപ്ടോപ്പ് വിതരണം

14. സ്വയംതൊഴിൽ

15. ഗോത്രസാരഥി

16. മിശ്ര വിവാഹം

17. കോർപ്പസ് ഫണ്ട്

18. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

19. എ.ടി.എസ്.പി. വിഹിതം ഉപയോഗിച്ചുള്ള പദ്ധതികൾ

20. വീട് പുനരുദ്ധാരണം

21. ജനനി ജന്മരക്ഷ.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) അനുബന്ധത്തിൽ പരാമർശിക്കും പ്രകാരമുള്ള പദ്ധതികൾ തുടർപദ്ധതികളായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗത്തിലെ രോഗികൾക്കുള്ള ചികിത്സാ ധനസഹായം

260 (3418) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഫിഷറീസും തുറമുഖങ്ങളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി അനുവദിക്കേണ്ട തുക കുടിശ്ശികയായിരിക്കുന്നതുമൂലം ഇവർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ അരയ്ക്കാപ്പ് എസ്.റ്റി. കോളനിയിലെ രാമകൃഷ്ണന്റെ ഹൃദ്രോഗ സംബന്ധമായ ചികിത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച് ബൈപാസ് സർജറിക്കുള്ള നിർദ്ദേശം ലഭിച്ചുവെങ്കിലും വകുപ്പിൽ നിന്നും പ്രസ്തുത ആശുപത്രിയിലേയ്ക്ക് തുക അനുവദിക്കുവാൻ കുടിശ്ശികയുള്ളതുകൊണ്ട് തൽക്കാലം ചികിത്സ നിഷേധിച്ച സാഹചര്യത്തിൽ രാമകൃഷ്ണന്റെ ചികിത്സയ്ക്കായി അടിയന്തരമായി ധനസഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly